# SNSALPS KIZHUPPILLIKARA

# അക്കാദമിക
# മാസ്റ്റർ പ്ലാൻ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | എസ്.എൻ.എസ്.എ.എൽ.പി.സ്കൂൾ, കിഴുപ്പിള്ളിക്കര |
| ഫോൺ | : | 0480-2873277 |
| വിദ്യാഭ്യാസ ഉപജില്ല | : | ചേർപ്പ് |
| വിദ്യാഭ്യാസ ജില്ല | : | തൃശ്ശൂർ |
| റവന്യൂ ജില്ല | : | തൃശ്ശൂർ |
| അദ്ധ്യയന വർഷം | : | 2025 - 2026 |
| സ്ഥാപിതം | : | 1924 |
| വിദ്യാലയം വിഭാഗം | : | എയിഡഡ് പൊതുവിദ്യാലയം |
| വില്ലേജിന്റെ പേര് | : | കിഴുപ്പിള്ളിക്കര |
| വാർഡ് | : | 10 |
| ക്ലസ്റ്ററിന്റെ പേര് | : | ജി.എം.എൽ.പി.എസ്.പെരിങ്ങോട്ടുകര |
| പഞ്ചായത്തിന്റെ പേര് | : | താന്ന്യം |
| ബ്ലോക്കിന്റെ പേര് | : | അന്തിക്കാട് |
| ഹെഡ്മിസ്ട്രസ്സിന്റെ പേര് | : | ലേഖ.കെ.സ്. |
| ഫോൺ | : | 9495056997 |

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | എസ്.എൻ.എസ്.എ.എൽ.പി.സ്കൂൾ, കിഴുപ്പിള്ളിക്കര |
| ഫോൺ | : | 0480-2873277 |
| വിദ്യാഭ്യാസ ഉപജില്ല | : | ചേർപ്പ് |
| വിദ്യാഭ്യാസ ജില്ല | : | തൃശ്ശൂർ |
| റവന്യൂ ജില്ല | : | തൃശ്ശൂർ |
| അദ്ധ്യയന വർഷം | : | 2025 - 2026 |
| സ്ഥാപിതം | : | 1924 |
| വിദ്യാലയം വിഭാഗം | : | എയിഡഡ് പൊതുവിദ്യാലയം |
| വില്ലേജിന്റെ പേര് | : | കിഴുപ്പിള്ളിക്കര |
| വാർഡ് | : | 10 |
| ക്ലസ്റ്ററിന്റെ പേര് | : | ജി.എം.എൽ.പി.എസ്.പെരിങ്ങോട്ടുകര |
| പഞ്ചായത്തിന്റെ പേര് | : | താന്ന്യം |
| ബ്ലോക്കിന്റെ പേര് | : | അന്തിക്കാട് |
| ഹെഡ്മിസ്ട്രസ്സിന്റെ പേര് | : | ലേഖ.കെ.സ്. |
| ഫോൺ | : | 9495056997 |

# അദ്ധ്യാപകരുടെ വിവരങ്ങൾ

| ക്രമ നമ്പർ | പേരുവിവരം | ജോലി |
|---|---|---|
| 1 | കെ.എസ്.ലേഖ | ഹെഡ്മിസ്ട്രസ്സ് |
| 2 | കെ.എസ്.ലിഷ | എൽ.പി.എസ്.എ |
| 3 | പി.ജെ.റോസ് മോൾ | ” |
| 4 | കെ.സി.സുധയ | ” |
| 5 | ബാസ്റ്റിൻ.പി.പോൾ | ” |
| 6 | ടി.ജെ.ലിസ | ” |
| 7 | ബി.ബി.നജുമ | ” |
| 8 | കെ.കെ.ഷാഹി | ” |
| 9 | കെ.എ.അബ്ദുൾ സമദ് | അറബി ടീച്ചർ |

2025 -26 അധ്യയന വർഷത്തിലെ വിദ്യാലയത്തിലെ കുട്ടികളുടെ എണ്ണം :-

| വിഭാഗം | I | | II | | III | | IV | |
|---|---|---|---|---|---|---|---|---|
| | B | G | B | G | B | G | B | G |
| കുട്ടികളുടെ എണ്ണം | 21 | 21 | 20 | 14 | 17 | 21 | 20 | 16 |
| ആകെ | 42 | | 34 | | 38 | | 36 | |

# ആമുഖം

തൃശ്ശൂർ ജില്ലയിൽ താന്ന്യം പഞ്ചായത്തിൽ കിഴുപ്പിള്ളിക്കര വില്ലേജിൽ 1924ൽ ജൂൺ മാസത്തിൽ ശ്രീനാരായണ സമാജം ലോവർ പ്രൈമറി സ്കൂൾ (S.N.S.A.L.P.S) ആരംഭിച്ചു. പെരിങ്ങോട്ടുകരയിൽ നിന്ന് 3കി.മി.തെക്കുഭാഗത്താണ് ഈ സ്കൂൾ സ്ഥിതി ചെയ്യുന്നത്. 32 സെന്റ് സ്ഥലത്ത് മൂന്ന് കെട്ടിടങ്ങളിലാണ് ഈ വിദ്യാലയം പ്രവർത്തിക്കുന്നത്. ആദ്യത്തെ കെട്ടിടം K.E.R നിലവിൽ വരുന്നതിനു മുമ്പുള്ളതാണ്. സ്കൂളിനോട് ചേർന്ന് തന്നെ Pre-Primary Class പ്രവർത്തിക്കുന്നു.

അടുക്കള, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം മൂത്രപ്പുര, കക്കൂസ്, കിണർ, മോട്ടോർ ഷെഡ്, വിറകുപുര, കമ്പ്യൂട്ടർ റൂം, സ്മാർട്ട് ക്ലാസ്സ് റൂം ഇവയെല്ലാം സ്കൂൾ കോമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്നു.

എല്ലാ മതവിഭാഗത്തിൽപ്പെട്ട ആളുകളും ഈ പ്രദേശത്ത് വളരെ സൗഹാർദ്ദത്തോടെ കഴിഞ്ഞു വരുന്നു. ഈ സ്കൂളിന്റെ ആദ്യത്തെ മാനേജർ കെ.എസ്.പണിക്കർ ആയിരുന്നു. പിന്നീട് ടി.കെ.ശങ്കരൻ ഈ പദവി ഏറ്റെടുത്തു. കുറച്ചു വർഷങ്ങൾക്ക് ശേഷം ഇദ്ദേഹം ശ്രീ.ജഗദീശാനന്ദ സ്വാമികളെ ഏൽപ്പിച്ചു. ജഗദീശാനന്ദ സ്വാമികളിൽ നിന്ന് അന്നത്തെ എച്ച്.എം ആയിരുന്ന വാസുദേവൻ മാസ്റ്റർ മാനേജർ പദവി ഏറ്റെടുത്തു. അദ്ദേഹത്തിന്റെ മരണശേഷം മകൻ കെ.വി.സുശീലൻ മാനേജർ സ്ഥാനം അലങ്കരിച്ചു. കെ.വി.സുശീലനു ശേഷം അദ്ദേഹത്തിന്റെ മരുമകനായ കെ.ആർ.മണി ഈ സ്ഥാനം തുടർന്നുകൊണ്ടിരിക്കുന്നു.

എച്ച്.എം കെ.സ്.ലേഖ ടീച്ചറുടെ നേതൃത്വത്തിൽ 9 അദ്ധ്യാപകരും, 2 പ്രീപ്രൈമറി അദ്ധ്യാപകരും, ഒരു ആയയും പാചകതൊഴിലാളിയും ഇവിടെ പ്രവർത്തിച്ചു വരുന്നു. പ്രൈമറിയിൽ 78 ആൺകുട്ടികളും 72 പെൺകുട്ടികളുമായി ആകെ 150 കുട്ടികൾ ഇവിടെ പഠനം നടത്തി വരുന്നു. പ്രീപ്രൈമറി വിഭാഗത്തിൽ 60 കുട്ടികളും പഠനം നടത്തി വരുന്നു.

മറ്റുള്ള സ്കൂളുകളെപ്പോലെ തന്നെ മെച്ചപ്പെട്ട പഠനാന്തരീക്ഷം ഒരുക്കുവാൻ ഇവിടത്തെ അദ്ധ്യാപകരും, മാനേജ്മെന്റും, പി.ടി.എ അംഗങ്ങളും പരമാവധി പരിശ്രമിച്ചു വരുന്നു. എങ്കിലും നൂറുശതമാനം ലക്ഷ്യത്തിലെത്തിച്ചേർന്നു എന്ന് ഞങ്ങൾ കരുതുന്നില്ല. ഇനിയും മുന്നോട്ട് പോകേണ്ട പലമേഖലകളുമുണ്ട്. അത്തരം മേഖലകൾക്ക് ഊന്നൽ നൽകുന്ന പഠനപ്രവർത്തനങ്ങൾ ഞങ്ങൾ ആവിഷ്കരിച്ചു കൊണ്ടിരിക്കുന്നു.

പുതിയൊരു സ്കൂൾ കെട്ടിടം ഞങ്ങളുടെ ചിരകാല സ്വപ്നമാണ്. അതിനുള്ള പരിശ്രമം പലവട്ടം നടത്തിയെങ്കിലും പണത്തിന്റെ അപര്യാപ്തത മൂലം ലക്ഷ്യത്തിലെത്തിച്ചേരുവാൻ ഞങ്ങൾക്ക് സാധിച്ചിട്ടില്ല. കമ്പ്യൂട്ടർ പഠനത്തിനായി എല്ലാ കുട്ടികൾക്കും കമ്പ്യൂട്ടറുകൾ, സ്മാർട്ട് ക്ലാസ്സ് റൂമുകൾ എന്നിവയെല്ലാം ഞങ്ങളുടെ ലക്ഷ്യങ്ങളാണ്.

കുട്ടികൾക്ക് കളിക്കാനുള്ള വലിയൊരു മൈതാനം, ചുറ്റുമതിൽ, സ്റ്റേജ്, ഊട്ടുപുര, ഓഡിറ്റോറിയം, കിഡ്സ് പാർക്ക്, പ്രവേശന കവാടം എന്നിവയെല്ലാം ഞങ്ങളുടെ വിഷൻ 20യിൽ ഉൾപ്പെടുന്നു.

ലോകം വളരെ വേഗം മുന്നോട്ടു കുതിക്കുന്ന ഈ കാലഘട്ടത്തിൽ ലോകത്തിന്റെ കുതിപ്പിനൊപ്പം കിതയ്ക്കാതെ മുന്നോട്ടു പോകേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയാണ്. ലോകത്തിന്റെ പ്രധാന സ്ഥാപനങ്ങളുടെയെല്ലാം ഉന്നത സ്ഥാനങ്ങളിലേക്ക് മലയാളികളെ എത്തിക്കുന്ന തരത്തിലുള്ള വിദ്യാഭ്യാസം നൽകുന്ന

തിനാണ് ഞങ്ങൾ ഊന്നൽ നൽകുന്നത്. മാനസിക പക്വത കൈവരിച്ചെങ്കിൽ മാത്രമെ വിദ്യാഭ്യാസം ശരിയായ രീതിയിൽ അഭ്യസിക്കുവാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് കുട്ടികൾക്ക് പ്രഭാതത്തിൽ യോഗാഭ്യാസം അത്യാവശ്യമാണ്. ശാന്തമായ മനസ്സിൽ മാത്രമെ ശരിയായ വിദ്യാഭ്യാസം നടക്കുകയുള്ളൂ. പഠനം ലളിതമായി കുട്ടികൾക്ക് നൽകണം. ഭാഷ അമ്മിഞ്ഞപ്പാൽ പോലെ മധുരമുള്ള താകണം. മാതൃഭാഷയിൽ പരിജ്ഞാനമുള്ള കുട്ടികളെ സൃഷ്ടിക്കാൻ സാധിക്കണം. ഇംഗ്ലീഷ് സംസാരിക്കുന്ന അദ്ധ്യാപകരിൽ നിന്നായിരിക്കണം കുട്ടികൾ ഇംഗ്ലീഷ് പഠിക്കേണ്ടത്. കുട്ടികൾ ഇംഗ്ലീഷ് സംസാരിക്കാനും, എഴുതാനുമുള്ള ധാരാളം അവസരങ്ങൾ ഒരുക്കണം. അതിനായി കുട്ടികൾക്ക് ആധുനിക വാർത്താവിനിമയ മാധ്യമങ്ങളുടെ സഹായത്തോടെ പഠനാന്തരീക്ഷം ഒരുക്കണം. കുട്ടികൾക്ക് സുഖമായി സംസാരിക്കാനുള്ള ഭാഷാന്തരീക്ഷം ഒരുക്കണം. ഗണിതം ലളിതമായി കുട്ടികൾക്ക് നൽകാനുള്ള പഠനപ്രവർത്തനങ്ങൾ ഒരുക്കും. മൂർത്തമായ രൂപങ്ങൾ ഉപയോഗിച്ച് ഗണിതം അഭ്യസിക്കാനുള്ള ധാരാളം അവസരങ്ങൾ ഉണ്ടായിരിക്കും. ആരോഗ്യമുള്ള ശരീരത്തിലേ ആരോഗ്യമുള്ള മനസ്സുണ്ടാകൂ. അതിനായി കായിക വിദ്യാഭ്യാസത്തിന് വലിയ പ്രാധാന്യത്തോടെ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാനും, നല്ല ഫുട്ബോൾ ഗ്രൗണ്ടും, ബാസ്ക്കറ്റ് ബോൾ ഗ്രൗണ്ടും ഒരുക്കും. നല്ല അത്‌ലറ്റുകളെ സൃഷ്ടിക്കാൻ നല്ല പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കും.

ഈ ഭൂമി നമ്മുടെ സ്വന്തമല്ല. വരും തലമുറയ്ക്കു കൂടി അവകാശപ്പെട്ടതാണ് എന്ന ബോധത്തോടു കൂടിയുള്ള പഠനാന്തരീക്ഷം ഒരുക്കും. ഈ ഭൂമിയിലെ ഓരോ ചെറു ജീവികളും അവകാശികളാണെന്നുള്ള ബോധ്യം കുട്ടികളിൽ ഉണ്ടാക്കുന്ന രീതിയിൽ ശാസ്ത്ര പഠന ക്ലാസ്സുകൾ സജ്ജീകരിക്കും. സ്കൂളിനോട് ചേർന്നു തന്നെ പല തരത്തിലുള്ള ജീവികളെ വളർത്താനുള്ള സാഹചര്യമൊരുക്കും. കോഴികളും, മുയലുകളും, ആടുകളും സ്കൂളിനോട് ചേർന്നു തന്നെ വളർത്തുന്ന രീതിയിൽ സ്കൂൾ സജ്ജീകരിക്കും. സ്കൂൾ പരിസരം മുഴുവൻ ജൈവ വൈവിധ്യ പാർക്കിന്റെ ഭാഗമാണ്.

കുട്ടികളുടെ കലാപരവും, സർഗ്ഗാത്മകവുമായ കഴിവുകൾ പരമാവധി പ്രോത്സാഹിപ്പിച്ച് സംസ്ഥാന ദേശീയ അന്തർ ദേശീയ തലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കും.

പഠനത്തോടൊപ്പം കൈതൊഴിലും കരസ്ഥമാക്കാൻ പഠനശേഷികളിൽ കാതലായ മാറ്റങ്ങൾ നടപ്പിലാക്കും. കൈതൊഴിലുകൾ അഭ്യസിക്കാൻ പ്രാപ്തരായ അദ്ധ്യാപകരെ നിയോഗിക്കണം.

## പൊതുലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പു വരുത്തും.
- മികച്ച രീതിയിൽ പഠനം നടത്തുന്നതിനാവശ്യമായ നല്ല ഭൗതീകാന്തരീക്ഷം ഉറപ്പു വരുത്തും.
- കുട്ടികളുടെ സർഗ്ഗപരവും, അക്കാദമികവും ആയ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് സംസ്ഥാന ദേശീയ അന്തർദേശീയ തലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കും.
- സമഗ്രഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയാണ് ഈ അധ്യനവർഷം വിഭാവനം ചെയ്യിരിക്കുന്നത്.

- ക്ലബ് പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകുന്നു.
- എല്ലാകുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകൾ സംസാരിക്കാനും വായിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പു വരുത്തും.
- എല്ലാ ജീവജാലങ്ങളും ഭൂമിയുടെ അവകാശികളാണ് എന്ന ബോധ്യം ജനിപ്പിക്കുന്നതിനായി നല്ലൊരു ജൈവവൈവിധ്യ പാർക്ക് സജ്ജീകരിക്കും.
- Communication Skill വർദ്ധിപ്പിക്കാനായി Language Room തയ്യാറാക്കും.
- കൈതൊഴിലുകൾ അഭ്യസിപ്പിക്കുന്നതിനായി Work Room സജ്ജീകരിക്കും.
- മാനസികവും ശാരീരികവുമായ ആരോഗ്യമുള്ള കുട്ടികളെ പരിശീലിപ്പിച്ചെടുക്കുന്നതിനായ യോഗ അഭ്യസിപ്പിക്കൽ. വിവിധ ഗെയിമുകൾക്കുള്ള കോർട്ടുകൾ തയ്യാറാക്കൽ എന്നിവ കൂടുതൽ കാര്യക്ഷമമാക്കും.
- വായനയെ പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു ലക്ഷം പുസ്തകങ്ങൾ അടങ്ങുന്ന ബൃഹത്തായ ലൈബ്രറിയും റീഡിങ്ങ് റൂം ഉം സജ്ജീകരിക്കും.
- എല്ലാ ക്ലാസ്സ് റൂം ഉം സ്മാർട്ട് ക്ലാസ്സ് റൂമുകളായി സജ്ജീകരിക്കും.
- എല്ലാ ദിവസവും കായിക പരിശീലനം.

# മാതൃഭാഷ – മലയാളം

ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ (മലയാളത്തിളക്കം) മികച്ച വായനക്കാരൻ (വായനക്കൂട്ടം) മികച്ച എഴുത്തുകാരൻ (എഴുത്തുകൂട്ടം).

'വായിച്ചു വളരുക, ചിന്തിച്ചു വിവേകം നേടുക' എന്ന മഹത്വചനത്തിനു വേണ്ടി വിദ്യാർത്ഥി സമൂഹത്തെ വായനയുടെയും എഴുത്തിന്റെയും പാതയിലേക്ക് നയിക്കാൻ ഒരു മഹത് സംഭവം വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളെയും മികച്ച വായനക്കാരനാക്കുക ഒപ്പം മികച്ച എഴുത്തുകാരനാക്കുക ഈ ലക്ഷ്യം നേടുന്നതിനായി പിന്നാക്കം നിൽക്കുന്നവരെ കൂടി മുൻധാരയിലെത്തിച്ച് വായനയും എഴുത്തും ഒരു നവ്യാനുഭവമാക്കി വിദ്യാലയത്തെ ഒരു സർഗ്ഗപ്രപഞ്ചമാക്കി മാറ്റുവാനുള്ള നൂതന സംരംഭം 2017-18 അദ്ധ്യയന വർഷം എസ്.എൻ.എസ്.എ. എൽ.പി സ്കൂളിന്റെ നേതൃത്വത്തിൽ ഏറ്റെടുക്കുന്ന ഒരു പ്രോജക്ട്.

# ലക്ഷ്യങ്ങൾ

- എല്ലാവർക്കും എഴുത്തും വായനയും.
- വായനക്കൂട്ടം, എഴുത്തുകൂട്ടം
- അമ്മ വായന
- ക്ലാസ്സ് ലൈബ്രറി, സ്കൂൾ ലൈബ്രറി
- ഗ്രന്ഥശാല അംഗത്വം
- ക്ലാസ്സ് സഭ, സ്കൂൾ സഭ, ബാല സഭ

- വായനയുടെ വിവിധതലങ്ങൾ പരിചയപ്പെടൽ
- മലയാളത്തിലെ വിവധ സാഹിത്യശാഖകൾ പരിചയപ്പെടൽ
- ആസാദ്യകരമായ വായനയിൽ വൈദഗ്ധ്യം നേടുക
- വായനാസാമഗ്രികൾ കണ്ടെത്തുക, വികസിപ്പിക്കുക
- വായനയും എഴുത്തും വികസിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ വികസിപ്പിക്കുക
- ദിനചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത കണ്ടെത്തുക.
- എഴുത്തിന്റെ വിവിധ ഭാഗങ്ങൾ പരിചയപ്പെടുക
- ഇൻലന്റ് മാഗസിൻ, ചുമർ മാഗസിൻ എന്നിവയുടെ വായന, എഴുത്ത് എന്നിവ സംഘടിപ്പിക്കൽ
- സാഹിത്യകാരന്മാരുമായുള്ള സംവാദം, അഭിമുഖം എന്നിവ സംഘടിപ്പിക്കൽ
- ഭാഷയുമായി ബന്ധപ്പെട്ട CD, ICT സാധ്യത എന്നിവ സജ്ജീകരിക്കൽ

## പ്രവർത്തനങ്ങൾ

1. **മലയാളത്തിളക്കം** (Pre –Test **2025 - 2026**പ്രീ ടെസ്റ്റ് നടത്തുന്നു. പിന്നാക്കക്കാരെ കണ്ടെത്തുന്നു.
2. **അക്ഷരം ഉറപ്പിക്കൽ (1 മാസം)**
   ചിത്രങ്ങളിലൂടെ മലയാള അക്ഷരങ്ങൾ ഉറപ്പിക്കുന്നു.
3. **അടയാളങ്ങൾ ഉറപ്പിക്കൽ**
   ചിത്ര സഹായത്താൽ അടയാളങ്ങൾ ചിഹ്നങ്ങൾ എന്നിവ ഉറപ്പിക്കൽ
4. **അക്ഷരകാർഡ്** – വാക്കുകൾ എഴുതിയ കാർഡ്
5. **ചിത്രം – അടുക്കിവയ്ക്കൽ**
   ചിത്രം നൽകൽ, അടിക്കുറുപ്പ് പറയിപ്പിക്കൽ, അദ്ധ്യാപികയുടെ സഹായത്തോടെ എഴുതൽ
6. **കഥ – ബാക്കിപറയൽ – എഴുതൽ**
   ഒരു കഥയുടെ കുറച്ച് ഭാഗം നൽകുന്നു. ബാക്കിപറയിപ്പിക്കുന്നു. എഴുതുന്നു.
7. **കഥാപുസ്തകം – നൽകൽ**
   വായന, കുറിപ്പ് തയ്യാറാക്കൽ
8. **CD പ്രദർശനം**
   ചിത്രങ്ങൾ അടങ്ങിയ CD പ്രദർശിപ്പിക്കുന്നു. ഓരോ ചിത്രത്തെയും കുറിച്ച് പറയാനവസരം – എഴുതാനവസരം
9. **ഭിന്നശേഷിക്കാരെ പരിഗണിക്കൽ**
   ഭിന്നശേഷിക്കാർക്കായി പ്രത്യേകം പ്രവർത്തന പാക്കേജ്. IED അദ്ധ്യാപകരുടെ സേവനം

10. **ക്ലാസ്സ് വായനക്കൂട്ടം രൂപീകരിക്കൽ**
ക്ലാസ്സിലെ മുഴുവൻ കുട്ടികളെയും 5 പേർ അടങ്ങുന്ന ഗ്രൂപ്പ് ആക്കുന്നു. എത്ര പുസ്തകം വായിക്കാം, വായനാകുറിപ്പ് പുസ്തകം എങ്ങനെ തിരഞ്ഞെടുക്കാം (പാഠഭാഗവുമായി ബന്ധപ്പെട്ടവ) ചർച്ച.

11. **ക്ലാസ്സ് ലൈബ്രറി രൂപീകരിക്കൽ**
കുട്ടികളുടെ സഹായത്തോടെ വായനയ്ക്ക് സഹായകമായ പുസ്തകങ്ങൾ അടങ്ങുന്ന ഒരു ക്ലാസ്സ് ലൈബ്രറി സജ്ജീകരണം.

12. **സ്കൂൾ ലൈബ്രറി നവീകരണം**
സ്കൂൾ ലൈബ്രറി നവീകരണം, പുസ്തക വിതരണ രജിസ്റ്റർ, കുട്ടി ലൈബ്രേറിയൻ, പുസ്തക വിതരണം, പുസ്തകങ്ങൾ വിവിധതലക്കെട്ടോടെയുള്ള ക്രമീകരണം, ബർത്തഡേ പുസ്തകശേഖരണം.

13. **സമീപഗ്രന്ഥശാല അംഗത്വം**
ഗ്രന്ഥശാലയിൽ അംഗത്വം, പുസ്തകവിതരണ വായന, എഴുത്ത് പ്രോത്സാഹനം, എന്റെ പുസ്തകം പ്രകാശനം

14. **വായനോത്സവം സംഘടിപ്പിക്കൽ**
കുട്ടികളുടെ കൂട്ടായ്മ, യോഗം സംഘടിപ്പിക്കൽ, യോഗത്തിൽ പങ്കെടുത്ത എല്ലാവരും സ്വയം പുസ്തകമായി അനുഭവം പങ്കിടൽ, വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ് പ്രകാശനം, അദ്ധ്യാപകരുടെ പുസ്തകം പരിചയ പ്പെടുത്തൽ, വായിച്ച കൃതികളുടെ രംഗാവിഷ്ക്കാരം (പാഠഭാഗവുമായി ബന്ധപ്പെട്ട്) ചൊൽക്കാഴ്ച, നാടകങ്ങൾ എന്നിവയുടെ അവതരണം.

15. **പത്രവായന**
വിവധ പത്രങ്ങൾ ക്ലാസ്സിൽ ലഭ്യമാക്കൽ, പത്രക്വിസ്, വാർത്ത തയ്യാറാക്കൽ, പുതിയ അറിവ് കണ്ടെത്തൽ, വായന, എഴുത്ത്, പത്രം തയ്യാറാക്കൽ (പാഠഭാഗവുമായി ബന്ധപ്പെട്ട്)

16. **അമ്മ വായന**
സ്കൂൾ ലൈബ്രറിയിൽ നിന്ന് അമ്മമാർക്ക് പുസ്തകം തെരഞ്ഞെടുക്കു വാനവസരം, വായനാമുറി, വായനാക്കുറിപ്പ് തയ്യാറാക്കൽ – മികച്ച കുറിപ്പ് കണ്ടെത്തൽ – പ്രോത്സാഹനം അമ്മ സാഹിത്യസമാജം രൂപീകരിക്കൽ, ശിൽപശാല.

17. **പുസ്തകചർച്ച – വായനാനുഭവം പങ്കുവയ്ക്കൽ**
വിദ്യാർത്ഥികൾ, രക്ഷിതാക്കൾ അദ്ധ്യാപകർ, സാഹിത്യകാരന്മാർ എന്നിവർക്ക് സ്വാഗതം. പാഠഭാഗവുമായി ബന്ധപ്പെട്ട് അധികവായനയ്ക്ക് നൽകിയ പുസ്തകങ്ങൾ പരിചയപ്പെടുത്തൽ, സന്ദേശം, കഥാപാത്രനിരൂപണം, സ്വാധീനം, ഇഷ്ടപ്പെടാനുള്ള കാരണം എന്നിവ അവതരിപ്പിക്കൽ. മാസത്തിൽ ഒരു ദിവസം.

18. **വായനാക്കുറിപ്പ്**
ഒരോ പുസ്തകവായനയുടെയും കുറിപ്പ് ശേഖരിക്കുന്നു. ആവശ്യമായ കൂട്ടി ചേർക്കൽ നടത്തുന്നു. പതിപ്പ് പ്രകാശനം.

19. **വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം**
വായന, എഴുത്ത് മെച്ചപ്പെടുത്താൻ വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം പാഠഭാഗവുമായി ബന്ധപ്പെട്ടവ, സ്വന്തം സൃഷ്ടികൾ എന്നിവ പരിചയപ്പെടു ത്താനവസരം. വിവിധ മത്സരങ്ങൾ സംഘടിപ്പിക്കൽ സാഹിത്യകാരന്മാരെ ക്ഷണിക്കൽ.

20. **ക്ലാസ്സ് - സ്കൂൾ ബാലസഭകൾ**
ഓരോ ക്ലാസ്സിലും സ്കൂളിലും ബാലസഭ രൂപീകരണം, സ്കൂളിൽ യോഗം സംഘടിപ്പിക്കൽ, സൃഷ്ടികൾ പരിചയം.

21. **ദിനാചരണങ്ങൾ**
വായനയും എഴുത്തും പ്രോത്സാഹിപ്പിക്കുന്നതിന് ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നിരവധി പ്രവർത്തനങ്ങളും മത്സരങ്ങളും സംഘടിപ്പിക്കുന്നു.

22. **ആകാശവാണി ക്ലബ്ബ്**
കുട്ടികളുടെ സർഗ്ഗ വികസനത്തിന് വിവിധ പരിപാടികൾ ഉൾക്കൊള്ളിച്ചു കൊണ്ട് ആകാശവാണി ക്ലബ്ബ് നടത്തുന്നു. മികച്ച പ്രകടനക്കാരെ, ക്ലാസ്സുകാരെ കണ്ടെത്തൽ, പ്രോത്സാഹനം.

23. **സാഹിത്യകാരന്മാരുമായുള്ള സംവാദം, അഭിമുഖം**
സാഹിത്യവാസന മെച്ചപ്പെടുത്താൻ, കൃതികളെ ആഴത്തിലറിയാൻ, പുസ്തക രചനാ തന്ത്രങ്ങളറിയാൻ, കഥ, കവിത രൂപീകരണം മനസ്സിലാക്കാൻ, ഇത്തരം പ്രവർത്തനങ്ങളുടെ ആസൂത്രണം.

24. **ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും**
ക്ലാസ്സ് മുറിയിൽ, സ്കൂളിൽ ധാരാളം ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ ലഭ്യത, വായന പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ പ്രവർത്തന മത്സരങ്ങൾ.

25. **വായനാസാമഗ്രികൾ വികസിപ്പിക്കൽ**
L.P കുട്ടികൾക്കായുള്ള വായനാസാമഗ്രികൾ ശേഖരിക്കൽ, കുട്ടികളുടെയും രക്ഷിതാക്കളുടെയും പ്രാദേശിക എഴുത്തുകാരുടെയും അദ്ധ്യാപകരുടെയും പങ്കാളിത്തമുള്ള രചനാശിൽപശാല സംഘടിപ്പിക്കൽ, രചനകൾ സ്പൈറൽ ബൈന്റ് ചെയ്തു ഉപയോഗിക്കൽ.

26. **ഇ-വായന സാധ്യത കണ്ടെത്തൽ**
വിക്കിപീഡിയ പരിചയപ്പെടുത്തൽ, നെറ്റിൽ നിന്നും വിവരം ശേഖരിക്കാനുള്ള നൈപുണി, വായനാക്കൂട്ടത്തിന്റെയും എഴുത്തുകൂട്ടത്തിന്റെയും നേതൃത്വത്തിൽ ബ്ലോഗ് രൂപീകരണം 'ഇ' പേപ്പറുകൾ പരിചയപ്പെടുത്തൽ വിവിധ കൃതികൾ, കവിത, എന്നിവ വീഡിയോ കാണൽ.

27. **വായനാക്കൂട്ടം, എഴുത്തുക്കൂട്ടം - മോണിറ്ററിംഗ്**
അധ്യാപകർ, കുട്ടി പ്രതിനിധി രക്ഷിതാക്കൾ പ്രാദേശിക സാഹിത്യകാരന്മാർ BRC, DIET അധ്യാപകർ, മറ്റ് സ്കൂളിലെ അധ്യാപകർ എന്നിവരുടെ സേവനം.

28. **കാവ്യകൂട്ടം**
കുട്ടികളുടെ കവിതകൾ, അധ്യാപകരുടെ കവിതകൾ, രക്ഷിതാക്കളുടെ കവിതകൾ, സമൂഹത്തിലെ വ്യക്തികൾ പ്രാദേശിക സാഹിത്യകാരൻ, കവികൾ മുതലായവരെ സംഘടിപ്പിച്ച് കാവ്യകൂട്ടം സംഘടിപ്പിക്കുന്നു. (BRC യുടെ സഹായത്തോടെ)

29. **എഴുത്തുകൂട്ട രൂപീകരണം**
കുട്ടികളെ 5 വീതം എഴുത്ത് കൂട്ടങ്ങളാക്കുന്നു. വ്യക്തിഗത രചന, സംഘരചന എന്നിവ സംഘടിപ്പിക്കുന്നു. എഴുത്ത് ഏത് സാഹിത്യവിഭാഗത്തിൽ , മോണിറ്ററിംഗ് എന്നിവ ചർച്ച ചെയ്യുന്നു.

30. **സഞ്ചരിക്കുന്ന ആസ്വാദനകുറിപ്പ്**
പുസ്തകം:-
ഓരോ ദിവസവും ഓരോ കുട്ടി എഴുതണം. വീട്ടിലുള്ള ആരെങ്കിലും ഒരാൾ പുസ്തകത്തെക്കുറിച്ച് അഭിപ്രായം രേഖപ്പെടുത്തണം. കൈമാറി, കൈമാറി

എല്ലാവരുടെയും രചനകളാകുമ്പോൾ അധ്യാപകരുടെ ആസ്വാദനക്കുറിപ്പും വിലയിരുത്തൽ കുറിപ്പും വീണ്ടും പ്രയാണം.

31. **വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ**
മലയാള സാഹിത്യത്തിലെ വിവിധ സാഹിത്യശാഖകൾ പരിചയപ്പെടുത്തൽ, വിവിധ ശാഖകൾ തലക്കെട്ടോടെ ലൈബ്രറി പുസ്തകം list ചെയ്യൽ, വിവിധ മേഖലയിലുള്ള സൃഷ്ടി പരിചയപ്പെടൽ, വിവിധ മേഖലയിൽ സാഹിത്യ സൃഷ്ടി നടത്തൽ, വിവിധ സാഹിത്യ മേഖലയിലുള്ള വ്യക്തികളുടെ ആഗമനം സംവാദം, അഭിമുഖം.

32. **ഇൻലന്റ് മാഗസിൻ, ചുമർ പത്രിക, പതിപ്പ്**
സർഗ്ഗശേഷി പരിപോഷിപ്പിക്കൽ, ക്ലാസ്സ് തലത്തിൽ ഇൻലന്റ് മാഗസിൻ, ചുമർ പത്രിക, പതിപ്പുകൾ തയ്യാറാക്കൽ പ്രകാശനം.

33. **വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ**
പഠനപ്രവർത്തനങ്ങളുമായും വായിച്ച പുസ്തകങ്ങളുമായി ബന്ധപ്പെട്ട വായനാക്കുറിപ്പും ആസ്വാദനക്കുറിപ്പും തയ്യാറാക്കൽ - പതിപ്പ് - പ്രകാശനം.

34. **പൊതുവേദിയിലെ പ്രകടനങ്ങൾ**
കുട്ടികളിലെ ഭയം, സഭാകമ്പം എന്നിവ മാറ്റിയെടുക്കാൻ അസംബ്ലി, റേഡിയോ ക്ലബ്ബ്, സർഗവേള, ബാലസഭ എന്നിവ സംഘടിപ്പിക്കുന്നു. അവസരം നൽകുന്നു. സ്വന്തം സൃഷ്ടികൾ അവതരിപ്പിക്കാനവസരം യോഗങ്ങൾ സംഘടിപ്പിക്കൽ.

35. **വ്യക്തിഗത രചന, സംഘരചന**
കുട്ടികളുടെ സർഗ്ഗശേഷി വർദ്ധിപ്പിക്കാൻ നിരവധി രചനാമത്സരങ്ങൾ സംഘടിപ്പിക്കുന്നു. വിലയിരുത്തൽ, പുസ്തകം തയ്യാറാക്കൽ

36. **ഭാഷാപ്രോജക്ടുകൾ**
ഭാഷയെ കൂടുതൽ മനസ്സിലാക്കാനും ആഴത്തിലുള്ള വായനയ്ക്കുമായി ഭാഷയുടെ വിവിധ പ്രോജക്ടുകൾ ചെയ്യുന്നു.(പാഠപുസ്തകവുമായി ബന്ധപ്പെട്ടത്)

37. **രചയിതാക്കളെ പരിചയപ്പെടൽ**
അസംബ്ലിയിൽ ഒരു ഇനമാകണം. കൃതികൾ സംഭാവന, സവിശേഷത ഇവ പരിചയപ്പെടുത്തണം. രചയിതാവിന്റെ ചിത്രം പ്രദർശിപ്പിക്കൽ പരിചയപ്പെടുത്തൽ, കുറിപ്പുകൾ ശേഖരിച്ച് പതിപ്പ് പവർ പോയിന്റ് അവതരണം. രചയിതാക്കളുടെ ജനന മരണ ദിനാചരണവുമായി ബന്ധപ്പെടുത്തി (പ്രതിമാസം) ജൂലൈ - ബഷീർ, ആഗസ്റ്റ് - എസ്.കെ.പൊറ്റെക്കാട്.

38. **ഭിന്നശേഷിക്കാർക്കായുള്ള പ്രവർത്തനങ്ങൾ**
BRC,IED, Teachers എന്നിവരുടെ സഹായത്തോടെ ഭിന്നശേഷിക്കാർക്കായുള്ള പ്രവർത്തനം, ആസൂത്രണം, നടപ്പിലാക്കൽ, പ്രോത്സാഹനം, പ്രഗത്ഭരുടെ സേവനം.

39. **സാഹിത്യ സാംസ്ക്കാരിക ചിത്രഗ്യാലറി**
സാഹിത്യകാരന്മാരുടെ ചിത്രങ്ങൾ, പുസ്തകങ്ങൾ, മഹത്‌വചനങ്ങൾ, ജീവചരിത്ര കുറിപ്പുകൾ, ആസ്വാദനകുറിപ്പുകൾ, കവിതകൾ എന്നിവ പ്രദർശിപ്പിക്കൽ, ആർട്ട് ഗ്യാലറികൾ സന്ദർശിക്കൽ.

| S.No | Programme | Activity | സാമ്പത്തിക വിശകലനം | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ (മലയാളത്തിളക്കം) | 1. Pre –Test (02.06.2017)<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷരകാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം-അടിക്കുറുപ്പ്<br>9. ചിത്രം-കഥപറയൽ<br>10. ചിത്രം-കഥ എഴുതൽ<br>11. കഥ-ബാക്കി എഴുതൽ<br>12. കഥാപുസ്തകം നൽകൽ<br>13. സി.ഡി യിൽ ഒരു ചിത്രം നൽകി വാക്യങ്ങൾ എഴുതൽ<br>14. ഭാഷാപരമായ പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ്സ് | പി.ടി.എ | June July 2 Months Aug-Sept | പുസ്തകങ്ങൾ<br>റിസോഴ്സ് സിഡികൾ<br>പ്രോജക്ടറും മറ്റ് അനുബന്ധ ഉപകരണങ്ങളും | എല്ലാ അധ്യാപകരും<br>ബി.ആർ.സി. പരിശീലകർ |
| 2 | കുട്ടിയെ മികച്ച വായനക്കാരനാക്കുക (വായനക്കൂട്ടം) | 1. ക്ലാസ്സ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. വായനമൂല, ക്ലാസ്സ് ലൈബ്രറി രൂപീകരിക്കൽ<br>3. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>4. സമീപഗ്രന്ഥശാല അംഗത്വം<br>5. വായനോത്സവം സംഘടിപ്പിക്കൽ<br>6. പത്രവായന<br>7. അമ്മ വായന<br>8. പുസ്തക ചർച്ച<br>9. വായനാനുഭവം പങ്കുവയ്ക്കൽ<br>10. വായനാക്കുറിപ്പ് പതിപ്പ് | | 6 Months<br>August | ക്ലാസ്സ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>ഗ്രന്ഥശാല<br>പത്രങ്ങൾ<br>ആനുകാലീക പ്രസിദ്ധീകരണങ്ങൾ<br>വായനാമൂറി | BRC, IED Trainer<br>PTA<br>BRC<br>DIET<br>SCERT<br>ഗ്രന്ഥശാല<br>PTA |

| | | | | | | |
|---|---|---|---|---|---|---|
| | | 11. വിദ്യാരംഗം കലാസാഹിത്യ വേദി പ്രവർത്തനം ക്ലാസ് സഭ<br>12. സ്കൂൾ സഭ, ബാലസഭ<br>13. ദിനാചരണങ്ങൾ<br>14. ആകാശവാണി ക്ലബ്<br>15. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>16. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും.<br>17. ആസ്വാദകരമായ വായന<br>18. വായനാ സാമഗ്രികൾ വികസിപ്പിക്കൽ<br>19. ഇ-വായന<br>20. പുസ്തകം ഒരുക്കൽ (എൽ.പി വായന)<br>21. വായനക്കൂട്ടം - മോണിറ്ററിംഗ്<br>22. കാവ്യക്കൂട്ടം<br>23. വായനാമത്സരം<br>24. ജന്മദിന പുസ്തകം | | | ആനുകാലിക പ്രസിദ്ധീകരണങ്ങൾ<br><br>ഇന്റർനെറ്റ് കമ്പ്യൂട്ടർ | PTA<br><br>BRC |
| 3. | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക (എഴുത്തുക്കൂട്ടം) | 1. എഴുത്തുകൂട്ട രൂപീകരണം.<br>2. പുസ്തക ചർച്ച<br>3. ക്ലാസ് ലൈബ്രറി<br>4. വായനക്കുറിപ്പ് പതിപ്പ്<br>5. സഞ്ചരിക്കുന്ന ആസ്വാദനക്കുറിപ്പ് പുസ്തകം<br>6. വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ<br>7. ഇൻലന്റ് മാഗസിൻ, ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ<br>8. സർഗ്ഗ സൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ | | | | |

| | | | | | | |
|---|---|---|---|---|---|---|
| | | 9. എഴുത്തുകൂട്ടം മോണിറ്ററിംഗ്<br>10. വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ്<br>11. ബാലസഭ<br>12. പൊതുവേദികളിൽ സംസാരിക്കാനുള്ള കഴിവ്<br>13. വ്യക്തിഗത രചന സംഘരചന<br>14. ഭാഷാ പ്രൊജക്ട്<br>15. സാഹിത്യകാരന്മാരുമായുള്ള സംവാദം, അഭിമുഖം<br>16. രചയിതാക്കളെ പരിചയപ്പെടൽ<br>17. സാഹിത്യ സാംസ്ക്കാരിക ചിത്രഗ്യാലറി<br>18. ക്ലാസ് പി.ടി.എ യിൽ പുസ്തക പരിചയം<br>19. പുതുവർഷം പുസ്തക വർഷം പരിപാടി (ജനുവരി 1 ന് പുസ്തകങ്ങൾ സ്വീകരിക്കൽ) | ഓഡിറ്റോറിയം | ജീവചരിത്ര പുസ്തകങ്ങൾ ഗ്രന്ഥശാല | | BRC<br>PTA<br>Teachers<br>ജനപ്രതിനിധി |

## ഗണിതം അക്കാദമിക ആസൂത്രണം

ഗണിതം ആസ്വാദ്യകരമായ അനുഭവമാക്കാനും, ചുറ്റുപാടുമുള്ള ഗണിതം തിരിച്ചറിയുന്നതിനും, ഗണിതകേളികളിലൂടെ കൂട്ടായ്മ വളർത്തുന്നതിനും, ഗണിതശാസ്ത്രജ്ഞരെ പരിചയപ്പെടുത്തുന്നതിനും അനുയോജ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന് സഹായകമായ അക്കാദമിക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം.

കറിക്കുലം നിശ്ചയിച്ച ആശയങ്ങൾ നേടുന്നതിനും, പ്രശ്നവിശകലനം, പ്രശ്നാപഗ്രഥനം, പ്രശ്നനിർധാരണം, ആശയ രൂപീകരണം, മനകണക്ക്, വ്യത്യസ്ത ചിന്താ രീതികൾ, ക്രിയാത്മകത, നിർമാണ നൈപുണി, പ്രശ്ന രൂപീകരണം, ഗണിതാസ്വാദനം എന്നീ ഗണിത ശേഷികൾ ആർജ്ജിക്കുന്നതിന് അനുയോജ്യമായ സാഹചര്യങ്ങൾ സ്കൂളിൽ ഒരുക്കുന്നതിന് കൂട്ടായ പ്രവർത്തനങ്ങൾ ആവശ്യമാണ്.

## ലക്ഷ്യം

വിദ്യാഭ്യാസത്തിന്റെ പ്രാഥമിക ലക്ഷ്യം ഒരു വ്യക്തിയെ നിത്യജീവിതം കാര്യക്ഷമമായി നയിക്കുവാൻ പ്രാപ്തനാക്കുകയാണ്. അതുകൊണ്ട് തന്നെ എഴുതാനും വായിക്കാനും കണക്കു കൂട്ടുവാനും ഉള്ള അറിവു നേടുകയാണ് പ്രാഥമിക വിദ്യാഭ്യാസ ലക്ഷ്യം. കണക്കു കൂട്ടുന്നതിനുള്ള കഴിവ് എന്നാൽ ഗണിതശാസ്ത്രത്തിനുള്ള ജ്ഞാനമാണ്. അതിനാവശ്യമായ ഗണിത സാഹചര്യം ഒരുക്കേണ്ടത് ഓരോ അധ്യാപകന്റെയും കടമയാണ്.

## മൂല്യം

ഗണിതത്തിന് നിത്യജീവിതത്തിൽ മറ്റേതു വിഷയത്തേക്കാളും കൂടുതൽ പ്രാധാന്യം ഉണ്ട്. ഒരു വ്യക്തിയുടെ ദൈനംദിന പ്രവർത്തനങ്ങളിൽ ഗണിതവുമായി ബന്ധപ്പെട്ട് നിരവധി കാര്യങ്ങൾ ഉണ്ടായിരിക്കും. എണ്ണുന്നതിനും, അളക്കുന്നതിനും, തൂക്കം നോക്കുന്നതിനുമുള്ള സന്ദർഭങ്ങളാണ് ഇവയിൽ പ്രാധാന്യം. കടയിൽ നിന്ന് സാധനങ്ങൾ വാങ്ങുമ്പോഴും, യാത്ര ചെയ്യുമ്പോഴും, ലാഭ നഷ്ടം കണക്കാക്കുമ്പോഴും ഗണിതത്തിന്റെ സഹായം കൂടിയേ തീരൂ. ഒരു വീട്ടിലെ അംഗങ്ങളുടെ എണ്ണം അവർക്ക് ആവശ്യമായ ഭക്ഷണസാധനങ്ങളുടെ അളവ്, കുടുംബ വരുമാനം, വീട്ടു കണക്കുകൾ തുടങ്ങീ എല്ലാറ്റിനും ഗണിതപാത്രം കൂടിയേ തീരൂ. പുരയിടം അളക്കുന്നതിനും, വീടു വയ്ക്കുന്നതിനും, ബാങ്ക്, ബഡ്ജറ്റ്, ഉപഗ്രഹ വിക്ഷേപണം, ന്യൂക്ലിയർ പരീക്ഷണം എന്നു വേണ്ട എല്ലാറ്റിനും ഗണിത പാത്രം കൂടിയേ തീരൂ.ജീവിതം കാര്യക്ഷമമാക്കാൻ ഏതൊരു വ്യക്തിയേയും സഹായിക്കുന്നത് ഗണിത പഠനം തന്നെ. ഗണിത പഠനത്തിലൂടെ കൃത്യത,സൂക്ഷ്മത, ചിട്ട മുതലായ നല്ല ഗുണങ്ങൾ കുട്ടികൾ ആർജിക്കുന്നു.

## അക്കാദമിക തലം

ഗണിതശാസ്ത്ര പഠനത്തിൽ താല്പര്യം ഉണ്ടാക്കാൻ അക്കാദമിക തലത്തിൽ എന്തെല്ലാം സാഹര്യചര്യങ്ങൾ ഒരുക്കണം എന്ന് ഓരോ അധ്യാപകരും ചിന്തിക്കേണ്ടതു തന്നെയാണ്.

## ഗണിതത്തിൽ താല്പര്യം ഉണർത്താനുള്ള മാർഗങ്ങൾ

## ഗണിതശാസ്ത്ര പരീക്ഷണശാല

ഗണിതശാസ്ത്ര പരീക്ഷണശാല എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് പഠനോപകരണങ്ങളും, ഗണിത പഠനത്തിനു സഹായിക്കുന്നത് എന്തും ഉൾപ്പെട്ട ഒരു മുറി എന്നാണ്. കുട്ടികൾ അളക്കുകയും നിർമ്മിക്കുകയും, താരതമ്യം ചെയ്യുകയും മറ്റും ചെയ്യുന്ന

പരീക്ഷണശാലയായിരിക്കും ഇത്. പരീക്ഷണത്തിലൂടെ പൊതുതത്ത്വത്തിൽ എത്തിച്ചേരാം.മീറ്റർ സ്കെയിൽ,അളവു പാത്രങ്ങൾ,റിബ്ബണുകൾ, വിവിധ തരം കുപ്പികൾ, ഔൺസ് പാത്രങ്ങൾ, അബാക്കസ്, ടാൻഗ്രാം, കട്ടൗട്ടുകൾ, രൂപങ്ങൾ മാതൃകകൾ, ഗണിത കലണ്ടറുകൾ, സ്തംഭങ്ങൾ എന്നിങ്ങനെ എല്ലാ സാഹചര്യങ്ങളും ഈ പരീക്ഷണശാലയിൽ ഒരുക്കാം. ക്ലാസ് മുറികൾ എല്ലാം തന്നെ ടൈലുകൾ ഇട്ടതായാൽ അതിൽ നിന്ന് എത്ര എണ്ണം, എത്ര ടൈലുകൾ, നീളം എന്നിങ്ങനെ പല ആശയങ്ങൾ പഠിപ്പിക്കാം. ഗണിതത്തിൽ താല്പര്യം ജനിപ്പിക്കാൻ ഒരു ഗണിത ശാസ്ത്ര പരീക്ഷണ ശാല അത്യാവശ്യം തന്നെ. ഫണ്ട് ശേഖരണം- അധ്യാപകർ, കുട്ടികൾ, എസ്.എസ്.ജി, ഒ.എസ്.എ.

## ഗണിതശാസ്ത്ര ഗ്രന്ഥശാല

വിദ്യാലയ ഗ്രന്ഥശാലയോടനുബന്ധിച്ച് ഗണിത ശാസ്ത്രത്തിന് ഒരു പ്രത്യേക വിഭാഗം ഉണ്ടായിരിക്കണം. ആ ശാസ്ത്രത്തിൽ താല്പര്യം വളർത്താൻ ഉതകുന്ന പുസ്തകങ്ങൾ അവിടെ ലഭ്യമാക്കുകയും വേണം. ഗണിത ശാസ്ത്ര കഥകൾ, കളികൾ, കടങ്കഥകൾ, മുതലായവ ഉൾക്കൊള്ളുന്ന പുസ്തകങ്ങൾ അക്കൂട്ടത്തിൽപ്പെടും. ഗണിത ശാസ്ത്രജ്ഞൻമാരുടെ സംഭാവനകൾ, ഗണിത ശാസ്ത്ര ചരിത്രത്തിലെ സംഭവ കഥകൾ എന്നിവ പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങളുമാകാം. വിദ്യാർത്ഥികളിൽ ഇത്തരം പുസ്തകങ്ങൾ വായിക്കാനുള്ള താത്പര്യം അധ്യാപകനിൽ നിന്ന് ഉണ്ടായിരിക്കേണ്ടതാണ്.കണക്കിലെ കടങ്കഥകൾ ക്ലാസിൽ രസകരമായി അവതരിപ്പിക്കുന്നതോടൊപ്പം അത്തരം പുസ്തകങ്ങൾ ചൂണ്ടിക്കാണിക്കുകയും ചെയ്യാം.

ഫണ്ട് ശേഖരണം – ഒ.എസ്.എ, പൂർവ്വ അധ്യാപകർ, കുട്ടികൾ

## ഗണിതശാസ്ത്ര ക്ലബ്ബുകൾ

വിദ്യാർത്ഥികളിൽ ഗണിതശാസ്ത്രത്തിലുള്ള കഴിവുകൾ വികസിപ്പിക്കുകയും താല്പര്യം വളർത്തുകയും ആണ് ഗണിതശാസ്ത്ര ക്ലബ്ബുകളുടെ ഉദ്ദേശ്യം. ഗണിതശാസ്ത്രത്തിൽ കൂടുതൽ അഭിരുചിയുള്ള കുട്ടികളെ ഇത്തരം ക്ലബിൽ അംഗങ്ങളാക്കാം.ഗണിതശാസ്ത്ര പ്രദർശനങ്ങൾ സംഘടിപ്പിക്കുക, ഗണിതശാസ്ത്ര തത്വങ്ങൾ ഉപയോഗിച്ചുള്ള കളികൾ സംഘടിപ്പിക്കുക, ഗണിതശാസ്ത്ര കിസ്മത്സരങ്ങൾ സംഘടിപ്പിക്കുക ഇവയെല്ലാം ക്ലബിന്റെ നേതൃത്വത്തിൽ നടത്താം.

## ബോധന ഉപകരണങ്ങൾ

ബോധന ഉപകരണങ്ങളുടെ സഹായത്തോടെ ഗണിത പഠനം ലളിതവും, രസകരവും, കാര്യക്ഷമവുമാക്കാം. ചാർട്ടുകൾ, മോഡലുകൾ, അളക്കുന്നതിനും, വരയ്ക്കുന്നതിനും ഉള്ള ഉപകരണങ്ങൾ, യഥാർത്ഥ വസ്തുക്കൾ, ദൃശ്യശ്രാവ്യ ഉപകരണങ്ങൽ തുടങ്ങിയവയെല്ലാം ഗണിതശാസ്ത്ര ബോധനത്തിന് ഉപയോഗിക്കാം.

## ദൃശ്യസ്രാവ്യ ഉപകരണങ്ങൾ

കമ്പ്യൂട്ടർ, മൊബൈൽ, ടി.വി മുതലായദൃശ്യ ശ്രാവ്യ ഉപകരണങ്ങൾ ഉപയോഗപ്പെടുത്താം.ഇതിനായി എല്ലാ ക്ലാസ്മുറികളും സ്മാർട്ട് ക്ലാസ്റൂംആക്കിമാറ്റണം. ഗണിതശാസ്ത്ര ആശയങ്ങൾ കൂടുതൽ കാലം ഓർമയിൽ തങ്ങി നിൽക്കാനും മനസിൽ ഉറയ്ക്കുന്നതിനും വ്യക്തി വ്യത്യാസം കണക്കിലെടുത്ത് പഠിപ്പിക്കുന്നതിനും ക്ലാസ് മുറികളിലെ വിരസമായ അന്തരീക്ഷം അകറ്റുന്നതിനും ദൃശ്യശ്രാവ്യ ഉപകരണങ്ങൾ ഉപയോഗിക്കുന്നതുവഴി സാധിക്കും.

### ഗണിതശാസ്ത്ര പ്രതിഭകൾ

ഓരോ മാസവും ഓരോ ഗണിതശാസ്ത്ര പ്രതിഭകളെയും അവരുടെ സംഭാവനകളെയും കുട്ടികളെ പരിചയപ്പെടുത്താം. ഇത്തരം പ്രവർത്തനങ്ങൾ ക്ലബുകൾ വഴിസംഘടിപ്പിക്കാം. ബ്രഹ്മഗുപ്തൻ, ഭാസ്കരാചാര്യ, ആര്യഭടൻ, രാമാനുജൻ എന്നിങ്ങനെ ഗണിതസാസ്ത്രജ്ഞൻമാരുടെ പേരിൽ ഗ്രൂപ്പ്തിരിഞ്ഞ് വിവര ശേഖരണം നടത്തണം.

### യൂണിറ്റ് പ്ലാൻ, വാർഷിക പ്ലാൻ

യൂണിറ്റിനെ അടിസ്ഥാനമാക്കി പഠന ഉദ്ദേശ്യങ്ങൾ, അനുഭവങ്ങൾ, മൂല്യ നിർമയ ഉപാധികൾ എന്നിവയിൽ അധിഷ്ഠിതമായി യൂണിറ്റ് പ്ലാൻ തയ്യാറാക്കണം.

## വാർഷിക പ്ലാൻ

ഒരു പ്രത്യേകസ്റ്റാന്റേർഡിൽ ഒരുവിഷയത്തിൽ ഒരുവർഷം കൊണ്ട് പഠിപ്പിച്ച് തീർക്കേണ്ട വിവിധ യൂണിറ്റ് ഉണ്ടാക്കാം. ഇവയ്ക്ക് ഓരോന്നിനും എത്ര സമയം അനുവദിക്കാമെന്ന് ഉൾപ്പെടുത്തി വാർഷിക പ്ലാൻ തയ്യാറാക്കണം.

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ് | ലക്ഷ്യം |
|---|---|---|---|---|
| 1. | ക്ലാസ്മുറികൾ ടൈൽഇടുക. | 2 വർഷം | 1,2,3,4 | ഗണിതപഠനം ആസ്വാദ്യകരമാക്കാൻ |
| 2. | ജൈവ പാർക്ക്ഇഷ്ടിക ഉപയോഗിച്ച് | 2 മാസം | 4 | ഇഷ്ടികയുടെഎണ്ണം ചുറ്റളവ് പഠനം |
| 3. | ഗ്രന്ഥശാല | വർഷംമുഴുവനും | 1,2,3,4 | ഗണിതപഠനം ആസ്വാദ്യകരമാക്കാൻ |
| 4. | സ്മാർട്ട് ക്ലാസ്റൂം | 5 വർഷം | 1,2,3,4 | കമ്പ്യൂട്ടർ പഠനം, ഗണിതംലളിതം, ആസ്വാദ്യകരം |
| 5. | ഗണിതശാസ്ത്ര പരീക്ഷണശാല | വർഷത്തിന്റെആദ്യം | 1,2,3,4 | പരീക്ഷണത്തിലൂടെ പഠനം ആസ്വാദ്യകരം കൃത്യത,സൂക്ഷ്മത, വ്യക്തത |
| 6. | ഗണിതശാസ്ത്ര ക്ലബ് | വർഷംമുഴുവും | 1,2,3,4 | ഗണിതശാസ്ത്ര പ്രതിഭകളെ കണ്ടെത്തൽ, ഗണിതംആസ്വാദ്യകരമാക്കാൻ |
| 7. | വാർഷികപ്ലാൻ, യൂണിറ്റ് പ്ലാൻ | വർഷത്തിന്റെആദ്യംഓരോയൂണിറ്റിനും | 1,2,3,4 | സമയനിഷ്ഠയോടെയുള്ളഗണിത പഠനം |

| Serial No | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | സംഖ്യകളെ താരതമ്യം ചെയ്ത് വലുപ്പത്തിനനുസരിച്ച് ക്രമീകരിക്കുന്നു | പ്രീ ടെസ്റ്റ് | വർഷം മുഴുവൻ | ചാർട്ടുകൾ, ചിത്രങ്ങൾ, Strip, card, CD,abacus , പടി നിർമ്മാണം (സ്ലൈഡ്) പാമ്പും കോണിയും കമ്പ്യൂട്ടർ - ഇന്റർനെറ്റ് ജനൽകമ്പികളിൽ, പ്ലാസ്റ്റിക് വളകൾ (എണ്ണം പഠിപ്പിക്കുന്നതിന്) 5000 രൂപ | BRC, DIET,MLA MP P.T.A,O.S.A IED Trainer |
| 2. | വസ്തുക്കളെ എണ്ണിയെടുത്ത് നിർദ്ദേശങ്ങൾക്കനുസരിച്ച് കൂട്ടങ്ങളാക്കുന്നു. | മഞ്ചാടി എണ്ണൽ 5 ന്റെ കൂട്ടം 10 ന്റെ കൂട്ടം (ചതുഷ്ക്രിയകളുമായി ബന്ധപ്പെടുത്തുന്നു) (IED) | ഹ്രസ്വകാലം | മഞ്ചാടി, ചാർട്ട്,കല്ല്,കക്ക,വളപ്പൊട്ട് മുതലായവ | BRC, DIET,MLA MP P.T.A,O.S.A IED Trainer |
| 3. | സ്ഥാനവില ഉറപ്പിക്കൽ (1,2,3,4) | സംഖ്യാപോക്കറ്റ്, സംഖ്യാശ്രേണി അബാക്കസ് | (ദീർഘകാലം) | എല്ലാ ക്ലാസ്സുകളിലേക്കും സംഖ്യാ പോക്കറ്റ് നിർ മ്മാണം (മരം കൊണ്ട്) 10,000 രൂപ | BRC DIET O.S.A P.T.A |
| 4. | സമയവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | ക്ലോക്ക് നിർമ്മാണം. (IED) ക്ലോക്ക് നോക്കി സമയം പറയാൻ മിനിട്ട്, മണിക്കൂർ, സെക്കന്റ് എന്നിവയു മായുള്ള ബന്ധം, am, Pm വുമായുള്ള ബന്ധം. 24 മണിക്കൂർ ക്ലോക്ക്, സമയ ദൈർഘ്യം ഊഹിക്കൽ, സമയ വിവര പ്പട്ടിക,സമയരേഖ, കലണ്ടർ നിർമ്മാണം | വർഷം മുഴുവനും | എല്ലാ ക്ലാസുകളിലേക്കും ക്ലോക്ക് നിർമ്മാണം. സ്കൂളിൽ വലിയ ക്ലോക്ക് നിർമ്മാണം. 10,000 രൂപ | BRC DIET O.S.A P.T.A |
| 5. | ഭാരം, തൂക്കം ഇവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | തൂക്കക്കട്ടികൾ, നിർമ്മാണം,ത്രാസ് എന്നിവയുടെ നിർമ്മാണം. നിശ്ചിത തൂക്കം അളന്ന് എടുക്കുന്നതിന് കഴിവ് നേടുന്നു. വിവിധ മണൽ കിഴികൾ നിർമിച്ച് തൂക്കകട്ടികളുമായി ബന്ധപ്പെടുത്തുന്നു. തുടർന്ന് ഒരു പിടി അരിയിൽ എത്ര ഗ്രാം എന്ന് | ദീർഘകാലം | യഥാർത്ഥ തൂക്കക്കട്ടികൾ നിർമ്മാണം,ത്രാസ് നിർമ്മാണം (5000 രൂപ) | BRC O.S.A P.T.A അധ്യാപകർ |

| | | | | | |
|---|---|---|---|---|---|
| | | ഊഹിച്ചും അളന്നും കണ്ടെത്തുന്നു. | | | |
| 6. | നീളവും, ഉള്ളളവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | ചെറിയ സ്കെയിൽ ഉപയോഗിച്ച് വലിയ മീറ്റർ സ്കെയിൽ നിർമിക്കുന്നു. സ്കെയിൽ ഉപയോഗിച്ച് വരാന്തയുടെ നീളം, ക്ലാസ് മുറിയുടെ നീളം ബോർഡിന്റെ നാളം,ബെഞ്ച്,ഡസ്ക്, ഉയരം കൂടിയത്, കുറഞ്ഞത് എന്നിവ കണ്ടെത്തുന്നു. | മീറ്റർ സ്കെയിൽ നിർമ്മാണം. അളവു പാത്രങ്ങൾ നിർമാണം. പഴയ അളവു പാത്രങ്ങൾ, പുതിയ അളവു പാത്രങ്ങൾ,(പറ,ഇടങ്ങഴി, നാഴി,ഉറി, ഔൺസ് പഴയത്) ഇവയുടെ പ്രദർശനം. പ്ലേ ഗ്രൗണ്ട് നിർമാണം, നീളം അളക്കൽ (10000 രൂപ) | | BRC<br>O.S.A<br>P.T.A |
| 7. | വിവിധ ജ്യാമിതീയ രൂപങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | ചതുരം, ത്രികോണം,വൃത്തം എന്നീ ആശയങ്ങളുമായി ബന്ധപ്പെട്ട രൂപങ്ങൾ നിർമാണം. സൈക്കിൾ ട്യൂബ് ഉപയോഗിച്ച് ഗ്രൂപ്പ് തിരിഞ്ഞ് രൂപ നിർമാണം. ഓരോ രൂപങ്ങളും എണ്ണി എഴുതൽ, കളറിംഗ്(IEDC) | ജ്യാമിതീയ രൂപങ്ങൾ ഉപയോഗിച്ചുള്ള മൃഗങ്ങൾ, വീട്,മനുഷ്യൻ എന്നിവയുടെ നിർമാണം(Geometrical Park) 20000 Rs. | | O.S.A<br>M.P.<br>M.L.A |
| 8. | ഭിന്നസംഖ്യയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ | കാൽ,പകുതി,മുക്കാൽ,മുഴുവൻ എന്നീ ആ ശയങ്ങളുമായി ബ ന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ . വിവിധ രൂപങ്ങളെ ഭാഗിക്കൽ.കൃഷി സ്ഥലത്തെ പങ്കുവയ്ക്കൽ, ജൈവ പാർക്ക് ഓരോ ഭാഗവും എത്ര? | ദീർഘകാലം | വിവിധ രൂപങ്ങളുടെ ചിത്രങ്ങൾ ചുവരിൽ നിർമിച്ച് ഭിന്നസംഖ്യാ രീതിയിൽ ഭാഗിച്ച് കാണിക്കുന്നു. 5000 രൂപ | O.S.A<br>അധ്യാപകർ |
| 9. | നാണയങ്ങൾ രൂപ,പൈസയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ | നാണയങ്ങളുടെ ശേഖരണം, ആൽബം, ഗണിത ഗ്രന്ഥശാല, പ്രദർശനം നാണയങ്ങളുടെ | | | O.S.A<br>അധ്യാപകർ |

| | | | | | |
|---|---|---|---|---|---|
| | | കണ്ടുപിടുത്തം.<br>10000 രൂപ | | | S.S.A |
| 10. | വിവിധ പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നതിന്.<br>പ്രശ്നാപഗ്രഥനം | പ്രശ്നാപഗ്രഥനത്തിന് ആവശ്യമായ സന്ദർഭങ്ങൾ ക്ലാസ് മുറിയിൽ ഒരുക്കുന്നു. പ്രായോഗിക ജീവിതത്തിലൂടെ പ്രശ്നാപഗ്രഥനം നട ത്തുന്നു.ചതുഷ്ക്രിയകൾ ഉറയ്ക്കുന്നതിന് ഗുണനപട്ടിക ഹൃദ്യ സ്ഥമാക്കുന്നു. | ദീർഘകാലം | ഗണിത ക്ലാസ്മുറിയിൽ ഗണിത പഠനം ആസ്വാദ്യ കരമാക്കുന്നതിനും, രൂപ പൈസയുടെ വിനിമയം ഹൃദ്യസ്ഥമാക്കുന്നതിനും ക്ലാസ്മുറിയിൽ കച്ചവടം അവതരിപ്പിക്കുന്നു.കലി നോട്ടുകൾ, നാണയങ്ങൾ ശേഖരണം.<br>10000 രൂപ | O.S.A<br>അധ്യാപകർ<br>S.S.A |

## ശാസ്ത്ര പഠനം

### ലക്ഷ്യം

ശാസ്ത്ര പഠനത്തിൽ താൽപര്യം വളർത്തുകയും, ശാസ്ത്രീയ മനോഭാവം, ശാസ്ത്രവബോധം തുടങ്ങിയവ വികസിപ്പിക്കുകയും ചെയ്യുക എന്നതാകണം ശാസ്ത്ര പഠനത്തിന്റെ ലക്ഷ്യങ്ങൾ. കുട്ടികൾക്ക് ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കു ന്നതിനുള്ള അനുഭവങ്ങൾ സ്കൂളിൽ ഉണ്ടാകണം. കുട്ടികളെ നേരിട്ട് ശാസ്ത്രാനു ഭവങ്ങൾ സ്വായത്തമാക്കുന്നതിനു വേണ്ടി സ്കൂളിൽ ലാബുകളും, ലഘു പരീക്ഷണ ശാലകളും, സയൻസ് കോർണറുകളും സ്ഥാപിക്കണം. കുട്ടികളിലുള്ള ശാസ്ത്ര പ്രക്രിയാ ശേഷികൾ വികസിപ്പിക്കുന്നതിനു വേണ്ടി ശാസ്ത്രോപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുകയും, ' കുട്ടികളെ ക്ലബ് പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുകയും, ശാസ്ത്രോപകരണ പ്രദർശനങ്ങൾ നടത്തുകയും ചെയ്യുന്നു. ശാസ്ത്ര രംഗത്തെ നൂതനാശയങ്ങൾ കുട്ടികളെ പരിചയപ്പെടുത്തുന്നതിനു വേണ്ടി ശാസ്ത്ര ജേർണലുകൾ പരിചയപ്പെടുത്തണം.

| Serial No | Programme | Activity | Duration | ഭൗതികം | പിന്തുണ | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| 1. | എല്ലാ ക്ലാസ്സുകളിലെ പരിസര പഠന പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിനും പഠനനേട്ടം ഉറപ്പാക്കാനും എല്ലാ ക്ലാസ്സുകളിലും ശാസ്ത്ര മൂല സ്ഥാപിക്കൽ | ലഘുപരീക്ഷണങ്ങൾ നടത്തൽ.<br>നിരീക്ഷണ പരീക്ഷണങ്ങളിലൂടെ അപഗ്രഥിച്ച് നിഗമനത്തിലെത്തുന്നു.<br>തയ്യാറാക്കിയ ലിസ്റ്റിനെ ശേഖരിക്കേണ്ടവ വാങ്ങേണ്ടവ, നിർമ്മിക്കേണ്ടവ, ക്ലാസിൽ സൂക്ഷിക്കേണ്ടവ എന്ന് തരം തിരിക്കൽ. ശാസ്ത്രമൂലയിൽ ഉൾപ്പെടുത്തേണ്ട പുസ്തകങ്ങൾ, ഉറപ്പായും നടത്തേണ്ട പരീക്ഷണങ്ങൾ എന്നി വയും ഉൾപ്പെടുത്തി പ്രിന്റ് ചെയ്യൽ.<br>സാമഗ്രികൾ വാങ്ങൽ<br>പി.ടി.എ യോഗത്തിൽ ശാസ്ത്രമൂല സംബന്ധിച്ച് അവത രണം.<br>സാമഗ്രികളുടെ ശേഖരണം.<br>പരീക്ഷ സാമഗ്രികളുടെ നിർമ്മാണ ശില്പശാലയുടെ ഭാഗമായി രക്ഷാകർത്താക്കൾ എസ്.എസ്.ജി, അധ്യാപകരുടെ യോഗം സംഘടിപ്പിക്കൽ.<br>ശാസ്ത്രമൂല സ്ഥാപി ക്കാൻ ആവശ്യമായ അലുമിനിയം ഫാബ്രി ക്കേഷൻ അലമാര നിർമ്മാണം.<br>ക്ലാസ് മുറിയിൽ സൂക്ഷിക്കുവാൻ കഴിയാത്ത സാമഗ്രികൾ ഏതൊക്കെയെന്ന് ലിസ്റ്റ് തയ്യാറാക്കൽ.<br>പരീക്ഷണ ശില്പശാലയിലൂടെ പഞ്ചായത്തിലെ മറ്റ് അധ്യാപകർക്ക് പങ്കെടുക്കാൻ അവസരം.<br>പഞ്ചായത്തിലെ മറ്റ് അധ്യാപകരുടെ സഹായത്തോടെ കുട്ടികൾക്ക് ചെറുതും വലുതുമായ പരീക്ഷണങ്ങൾ പരിശീലിക്കാൻ അവസരം.<br>ശാസ്ത്ര സാഹിത്യ പുസ്തകങ്ങൾ,ക്ലാസ് നിലവാരത്തിനനുസരിച്ച് വാങ്ങിക്കുക.രക്ഷിതാക്കൾ പുസ്തകങ്ങൾ വായിപ്പിക്കൽ | 2 വർഷം | ശാസ്ത്ര പുസ്തകങ്ങൾ ശാസ്ത്ര ലാബ് | H.M, MLA MP P.T.A, എല്ലാ അധ്യാപകരും | 8,00,000/- |
| 2. | ജൈവ വൈവിധ്യ ഉദ്യാന പാർക്ക് | പാർക്കിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിന് പി.ടി.എ, ഒ.എസ്.എ, എസ്.എസ്.ജി യോഗം ചേരൽ.<br>ജീവികളെ കരയിൽ ജീ വിക്കുന്നവ, കരയിലും ജലത്തിലും ജീവിക്കുന്നവ എന്നിങ്ങനെ തരം തിരിക്കുന്നു.<br>ജലജീവികളുടെ ശാരീരിക സവിശേഷതകൾ ജലജീവിതത്തിന് എപ്രകാരം അനുയോജ്യമാണെന്ന് പട്ടികപ്പെടുത്തുന്നു. | 2 മാസം | ചുറ്റുപാടും നിരീക്ഷിക്കൽ കുളം നിരീക്ഷിക്കൽ | H.M, MLA MP P.T.A, എല്ലാ | 10,00,000/- |

| | | | | | | |
|---|---|---|---|---|---|---|
| | | മരങ്ങൾ,കുറ്റിച്ചെടികൾ,വള്ളിച്ചെടികൾ, ഓഷധികൾ, ഔഷധങ്ങൾ എന്നിവയെ തരംതിരിക്കുക.<br>വളർത്തുപക്ഷികളെ കൊണ്ടുള്ള പ്രയോജനങ്ങൾ പട്ടികപ്പെടുത്തുന്നു. വളർത്തുമൃഗങ്ങളും അവയുടെ പ്രയോജനങ്ങളും<br><br>ജീവികളുടെ സഞ്ചാരരീതികൾ അനുസരിച്ച് തരംതിരിക്കൽ (നിറം, വലുപ്പം,ശബ്ദം,പറക്കാ നുള്ള കഴിവ്, ആഹാര രീതി,കൂടുകൾ)<br>പരിസ്ഥിതി സംരക്ഷണത്തിൽ പക്ഷികളുടെ പ്രാധാന്യം<br>ചുറ്റുപാടുമുള്ള ഇലകൾ ശേഖരിച്ച് ആൽബം തയ്യാറാക്കൽ, പക്ഷികളുടെ തൂവൽ ശേഖരിച്ച് തൂവൽ ആൽബം തയ്യാറാക്കൽ | 2 ആഴ്ച<br><br>1 മാസം<br><br>ഒരു മാസം | ജലജീവികൾ പ്രകൃതി നടത്തം<br><br>വിവിധതരം സസ്യങ്ങൾ<br><br>വളർത്തു പക്ഷികൾ പരിസര പഠനയാത്ര വളർത്തുമൃഗങ്ങൾ<br><br>പുസ്തകങ്ങൾ ഐ.സി.ടി പരിസര നിരീക്ഷണം<br><br>ഇലകൾ, തൂവൽ | അധ്യാപകരും | |

| | | | | | | |
|---|---|---|---|---|---|---|
| 3. | കാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക, ശാസ്ത്രീയ ബോധം,ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം വികസിപ്പിക്കുക. | ലഘുപരീക്ഷണങ്ങൾ നടത്തുന്നതിനുള്ള ഉപകരണങ്ങൾ വാങ്ങുന്നതിന് ലിസ്റ്റ് തയ്യാറാക്കൽ.<br><br>മണ്ണിനുള്ളിൽ വായുവിന് സ്ഥിതി ചെയ്യാൻ സ്ഥലം ആവശ്യമുണ്ട് എന്ന പരീക്ഷണം | ഒരു മണിക്കൂർ | മണ്ണ്കട്ട<br><br>വെള്ളം<br><br>ഗ്ലാസ് | M.L.A<br><br>M.P<br><br>O.S.A<br><br>എല്ലാ അധ്യാപകരും | 50,000 |
| | | ജലം ശുദ്ധീകരിക്കാനുള്ള മാർഗങ്ങൾ<br>ജലചക്രം, കാറ്റാടിയന്ത്രം, ബലൂൺ റോക്കറ്റ്<br><br>ദിനാചരണങ്ങൾ, ശാസ്ത്രജ്ഞൻമാരുടെ ദിനങ്ങൾ കൊണ്ടാടൽ, ശാസ്ത്ര ക്വിസ് മത്സരം സംഘടിപ്പിക്കൽ. ശാസ്ത്ര പ്രദർശനം നടത്തൽ | 6 മാസം | മുച്ചട്ടി അരിപ്പ<br>ബലൂൺ<br>ജലചക്രം<br>കാറ്റാടിയന്ത്രം<br><br>ICT<br>ശാസ്ത്ര പുസ്തകങ്ങൾ<br>ചിത്രങ്ങൾ<br>കലണ്ടർ | | |

## ഇംഗ്ലീഷ് - ലക്ഷ്യങ്ങൾ

- ഇംഗ്ലീഷ് ഭാഷാ പഠനത്തിൽ സവിശേഷ വൈഭവമുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുക.
- കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ഇംഗ്ലീഷ് ഭാഷാ പഠന നേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക.
- ഇംഗ്ലീഷ് ഭാഷാ പഠനത്തിലെ അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതിയുള്ള കുട്ടികളെ അത് മറികടക്കാൻ പിന്തുണ നൽകുക.
- ഒഴുക്കോടെയും ശരിയായ ഉച്ചാരണത്തോടെയും ഇംഗ്ലീഷ് ഭാഷ സംസാരിക്കാനും കേട്ട് മനസ്സിലാക്കാനുമുള്ള കഴിവ് എല്ലാ കുട്ടികളും വികസിപ്പിക്കുക.
- ലോകഭാഷയെന്ന നിലയിൽ വായനയിലൂടെ അറിവ് സ്വാംശീകരിക്കുന്നതിനുള്ള ഉപാധിയെന്ന നിലയിൽ ഇംഗ്ലീഷ് ഭാഷയിൽ കഴിവ് നേടുക.
- മികച്ച വായനാശീലം ഇംഗ്ലീഷ് ഭാഷയിൽ വികസിപ്പിക്കുക.

| No | Aim | Activity | Period | Support | Resource | Finance Aim |
|---|---|---|---|---|---|---|
| 1. | Learning English alphabets, Simple words | Class I<br>1.Use the black board in the class walls to practice the letters and words using colour chalks.<br>2.Colouring books to recognize the objects and its name | Daily practice<br><br>Occasional works | Teachers<br><br>Teachers Local Text | Text books childrens books<br><br>Teacher | No need of a special financial aid<br><br>No need of a special financial aid. |

| | | | | | | |
|---|---|---|---|---|---|---|
| 2. | To make a familiarity with language | Class II<br>1. Reading stories, hearing story telling observing English cartoons to make the language effective.<br>2.Work sheets and text books activities of second standard<br>3.Works based on subject councils | Daily Practice | Teachers | Text books<br>Children books | No need of a special financial aid |
| | | | Occasional works | Teachers | Teacher local text | No need of a special financial aid. |
| 3. | To make more activities to get language ability | Class III<br>1. Practicing special worksheets in the class capable of getting more proficiency in English.<br>2. Text book and work activities as discussed in the subject council.<br>3. Giving story books in the class for regular reading. | Daily practice<br>Occasional works. | Teachers | Text books | No need of a special financial aid |
| | | | Cyclic process | Teachers | Teacher local text | No need of a special financial aid. |

| | | | | | | |
|---|---|---|---|---|---|---|
| 4. | To make the language more effective | Class IV<br>1.Class room activities based on subject council decisions.<br>2.Seeing short children's films to hear the use of language in the class.<br>3. Reading English books distributed in the class. | Daily practice<br><br>Occasional works | Teachers<br><br>Teachers | Textbooks<br>Childrens books<br>Teacher local text<br>Library books | Financial aid for Library books |

# കായികപരിശീലനം

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | പിന്തുണ | റിസോഴ്സ് | സാമ്പത്തികം |
|---|---|---|---|---|---|---|
| 1 | • അടിസ്ഥാന ശാരീരിക ക്ഷമത നേടുക<br>• അസഞ്ചരണചലനങ്ങൾ സ്വായത്തമാക്കുക<br>• സഞ്ചരണശേഷികൾ പഠിക്കുക<br>• ശരീരാവബോധം വ്യക്തിപരമായ ആരോഗ്യം ,പോഷഹാകാരം എന്നിവയെക്കുറിച്ച് അറിവ് നൽകുക | ഒന്നാംക്ലാസ്<br>നടത്തം , ഓട്ടം ,ചാട്ടം ,കൈകാൽ ഉപയോഗിച്ചുള്ള ഗെയിമുകൾ<br>ഒരു സ്ഥലത്തുനിന്ന് വളയൽ ,തിരിയൽ ,വലിച്ചുനീട്ടൽ<br>നേരെയുള്ള നടത്തം , ഓട്ടം , ചാട്ടം<br>ക്ലാസിലുള്ള പ്രവർത്തനങ്ങൾ | ദൈനംദിന പ്രവർത്തനങ്ങൾ | കായികാധ്യാപകൻ | പാഠപുസ്തകം റഫറൻസ് ബുക്കുകൾ | പ്രത്യേക സാമ്പത്തിക ബാധ്യത ഇല്ല |
| 2 | • കളിയുപകരണങ്ങൾ | രണ്ടാംക്ലാസ്<br>• Ball , skipping rope ഉപയോഗിച്ചുള്ള കളികൾ | | | | |

| | | | | | | |
|---|---|---|---|---|---|---|
| | കൈകാര്യം ചെയ്യാനുള്ള ശേഷികൾ<br>• സഞ്ചാരണശേഷികൾ<br>• താളാത്മകചലനങ്ങൾ<br>• ആരോഗ്യവിദ്യാഭ്യാസം | • ഒറ്റക്കാൽ ചാട്ടം , പിന്നിലേയ്ക്കും മുന്നിലേയ്ക്കുമുള്ള ചാട്ടം കതിച്ചുചാട്ടം<br>• താളാത്മകമായി ചെയ്യുന്ന വ്യായാമങ്ങൾ<br>• കളികളിലെ സുരക്ഷ, പോഷകാഹാരം | ദൈനംദിന പ്രവർത്തനങ്ങൾ | കായികാധ്യാപകൻ | പാഠപുസ്തകം , റഫറൻസ് ബുക്കുകൾ | പ്രത്യേക സാമ്പത്തിക ബാധ്യത ഇല്ല |
| 3 | അടിസ്ഥാന കായികക്ഷമതാപരിശീലനം ലഘുകളിഉപകരണങ്ങൾആയാസരഹിതമായി കൈകാര്യം ചെയ്യുന്നത് അടിസ്ഥാന മെയ് വഴക്കം ആരോഗ്യവിദ്യാഭ്യാസം | മൂന്നാംക്ലാസ്<br>• ടെച്ചിങ്ങ്<br>• ബോൾ ഉപയോഗിച്ചുള്ള ഗെയിമുകൾ<br>• സ്കിപ്പിങ്ങ് റോപ്പ് ,കാർട്ട് വീൽ<br>• വ്യക്തിസുചിത്വം പരിസരസുചിത്വം | ദൈനംദിന പ്രവർത്തനങ്ങൾ | കായികാധ്യാപകൻ | പാഠപുസ്തകം | പ്രത്യേക സാമ്പത്തിക ബാധ്യത ഇല്ല |
| 4 | അടിസ്ഥാന കായികക്ഷമതാപരിശീലനം ലഘുകളിഉപകരണങ്ങൾആയാസരഹിതമായി കൈകാര്യം ചെയ്യുന്നത് | നാലാംക്ലാസ്<br>• ടെച്ചിങ്ങ്<br>• ബോൾ ഉപയോഗിച്ചുള്ള ഗെയിമുകൾ<br>• സ്കിപ്പിങ്ങ് റോപ്പ് ,കാർട്ട് വീൽ | | | | |